**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2262** **16-03-2022 - ൽ മറുപടിയ്ക്ക്**

**വനിതകളുടെ തൊഴിൽ രംഗത്തെ ശാക്തീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. എൻ.കെ. അക്ബർ | | null<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സാക്ഷരതയിലും വിദ്യാഭ്യാസത്തിലുമുള്ള സ്ത്രീ-പുരുഷ തുല്യത ജോലി നേടുന്നതിലും കൈവരിക്കുന്നതിന്റെ ഭാഗമായി വനിതകളുടെ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് പ്രത്യേകമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (എ) | വനിത ശിശു വികസന വകുപ്പിന് കീഴിലെ സ്ഥാപനമായ ജൻഡർ പാർക്ക് മുഖേന സ്ത്രീകൾക്ക് Skill Development നൽകുന്നതിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ടി പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 55 വയസ്സിന് താഴെ പ്രായമുള്ള വിധവകൾക്ക് സ്വയം തൊഴിൽ ചെയ്യാൻ ധനസഹായം നൽകുന്ന സഹായ ഹസ്തം പദ്ധതിയും വകുപ്പ് മുഖേന നടപ്പാക്കുന്നു. ടി പദ്ധതികൾ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് സഹായകരമാണ്. ജെൻഡർ പാർക്ക് മുഖേന വ്യാവസായിക വിപണന രംഗത്ത് പ്രവർത്തിക്കാൻ താല്പര്യമുള്ള വനിതകൾക്ക് വ്യാവസായിക ബിസിനസ് മേഖലയിൽ പ്രവേശിക്കുമ്പോൾ ഉണ്ടാകാനിടയുള്ള ആശയവിനിമയത്തിലെ ബുദ്ധിമുട്ട് ദൂരീകരിക്കുന്നതിന് ആവശ്യമായ ഓൺലൈൻ ബിസിനസ്സ് ഇംഗ്ലീഷ് പഠന പരിപാടി നടപ്പിലാക്കി വരുന്നുണ്ട്. ചെന്നൈയിലെ യു എസ് കോൺസുലേറ്റും, ഡൽഹിയിലുള്ള യു എസ് എംബസ്സിയുടെ ഭാഗമായ റീജിയണൽ ഇംഗ്ലീഷ് ലാംഗ്വേജ് ഓഫീസുമായി (RELO) ചേർന്നാണ് തികച്ചും സൗജന്യമായ ഈ പരിപാടി നടപ്പിലാക്കി വരുന്നത്. ഒരു ബാച്ചിന്റെ പരിശീലനകാലം 28 ദിവസമാണ്. സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗത്തിൽ വരുന്ന വനിതകളെ (വിധവകൾ, വിവാഹമോചനം നേടിയ വനിതകൾ, ഭർത്താവ് ഉപേക്ഷിക്കുകയോ/ ഭർത്താവിനെ കാണാതാവുകയോ ചെയ്ത വനിതകൾ, 30 വയസ്സ് കഴിഞ്ഞ അവിവാഹിതകൾ, ഭിന്നശേഷിക്കാരായ വനിതകൾ, പട്ടികവർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ, കിടപ്പ രോഗികളായ |

ഭർത്താക്കന്മാരുള്ള വനിതകൾ) സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടു വരുന്നതിനായി എംപ്ലോയ്മെന്റ് വകുപ്പ് വഴി ആരംഭിച്ച പദ്ധതിയാണ് ശരണ്യ. അശരണരായ വനിതകൾക്ക് സ്വയംതൊഴിൽ വായ്പ അനുവദിച്ച് അതിലൂടെ കുടുംബം പുലർത്തുന്നതിന് വരുമാനം കണ്ടെത്തുന്നതിനും അവരെ സ്വയംപര്യാപ്തമാക്കുന്നതിനും സ്വയംതൊഴിൽ മേഖലയിൽ അവരുടെ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിലൂടെ സ്ത്രീ ശാക്തീകരണമാണ് പദ്ധതി ലക്ഷ്യമിടുന്നത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള 18-55 പ്രായപരിധിയിലുള്ള മേൽപ്പറഞ്ഞ വിഭാഗത്തിലുള്ള വനിതകൾക്ക് സ്വയംതൊഴിൽ സംരംഭം ആരംഭിക്കുന്നതിന് 50,000/- (അൻപതിനായിരം രൂപ മാത്രം) രൂപ വരെ 50% സബ്സിഡിയോടുകൂടി പലിശരഹിത വായ്പ അനുവദിക്കുന്നു. പ്രോജക്ട് പരിശോധിച്ച് ഒഴിച്ചുകൂടാനാകാത്ത സാഹചര്യത്തിൽ ഒരു ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നു. പദ്ധതി അപേക്ഷ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലും ലഭ്യമാണ്. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ സംസ്ഥാനത്ത് സാക്ഷരതയിലും വിദ്യാഭ്യാസത്തിലുമുള്ള സ്ത്രീ-പുരുഷ തുല്യത ജോലി നേടുന്നതിലും കൈവരിക്കുന്നതിന്റെ ഭാഗമായി തൊഴിൽ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനായി റീച്ച് ഫിനിഷിംഗ് സ്കൂൾ മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കേരളത്തിലെ സ്ത്രീകളുടെ തൊഴിൽ മേഖലയിലെ ഉന്നമനത്തിനായി സർക്കാർ മേഖലയിലുള്ള, ഇന്ത്യയിൽ തന്നെ ആദ്യത്തെ ഫിനിഷിംഗ് സ്കൂളാണ് റീച്ച്-റിസോഴ്സ് എൻഹാൻസ്മെന്റ് അക്കാദമി ഫോർ കരിയർ ഹൈറ്റ്സ്. ഫിനിഷിംഗ് സ്കൂൾ എന്നതിന് പുറമെ 2018-19 മുതൽ വനിതകൾക്ക് തൊഴിൽ പരിശീലനം തുടങ്ങുകയും ഇക്കഴിഞ്ഞ നാലാം വർഷത്തിനുള്ളിൽ 5500 ൽ അധികം വനിതകൾക്ക് വിവിധങ്ങളായ മേഖലകളിൽ പരിശീലനം നൽകുവാനും സാധിച്ചു. റീച്ച് മുഖേന ODEPC, വനിതാ വികസന കോർപ്പറേഷൻ, സി.എം.ഡി എന്നീ മൂന്ന് സ്ഥാപനങ്ങൾ ചേർന്ന് കൊണ്ട് വിദേശ ജോലികൾക്ക് വേണ്ടി ബി.എസ്.സി ജനറൽ നഴ്സിംഗ് പാസ്സായവർക്ക് വേണ്ടി പ്രത്യേക അഡ്വാൻസ്ഡ് നൈപുണ്യ പരിശീലനം നൽകുന്ന ASEP-N പ്രോഗ്രാം ആരംഭിച്ചു. പരിശീലനം വിജയകരമായി പൂർത്തിയാകുന്നവർക്ക് 100% തൊഴിൽ സാദ്ധ്യത യു. കെ. യിൽ ODEPC മുഖേന ഉറപ്പാക്കിയിട്ടുണ്ട്. ഇത് കൂടാതെ റീച്ച് സർട്ടിഫിക്കേഷൻ പ്രോഗ്രാം,

| | | | |
|---|---|---|---|
| | | | പൈതൺ, എം.എസ്.ഓഫീസ്, കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, ഡാറ്റാ സയൻസ്, ടാലി, ഡാറ്റാ എൻട്രി ഓപ്പറേറ്റർ, പ്രിലിമിനറി ഇംഗ്ലീഷ് പരിശീലനം, പി.എസ്.സി/എസ്.എസ്.സി കോച്ചിംഗ് എന്നീ പ്രോഗ്രാമുകൾ നിലവിൽ റീച്ച് മുഖാന്തിരം കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ നടപ്പിലാക്കി വരുന്നു. കൂടാതെ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി കുറഞ്ഞ പലിശ നിരക്കിൽ വനിതകൾക്ക് സ്വയം തൊഴിൽ വായ്പകളും പെൺകുട്ടികൾക്ക് വിദ്യാഭ്യാസ വായ്പയും നൽകി വരുന്നു. |
| (ബി) | വിവിധ കാരണങ്ങളാൽ ജോലി അവസാനിപ്പിച്ച് വീട്ടിൽ ഒതുങ്ങേണ്ടി വന്നവർ അടക്കമുള്ള സ്ത്രീകളെ ജോലിയിലേക്ക് തിരികെ എത്തിക്കുന്നതിനുതകുന്ന പദ്ധതിയ്ക്ക് ഐക്യരാഷ്ട്രസഭയുടെ ഭാഗമായ യു.എൻ. വുമണിന്റെ സഹകരണത്തോടെ രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ സ്ത്രീശാക്തീകരണം, സാമ്പത്തിക സ്വാശ്രയത്വം എന്നിവ കൈവരിക്കുന്നതിന് ഈ പദ്ധതി എത്രത്തോളം സഹായകരമാവും; വിശദാംശങ്ങൾ നൽകാമോ? | (ബി) | വിവിധ കാരണങ്ങളാൽ ജോലി അവസാനിപ്പിക്കേണ്ടി വരുന്ന സ്ത്രീകൾക്കുവേണ്ടി ഒരു നൈപുണ്യ വികസന പരിശീലന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ജോലി അവസാനിപ്പിക്കേണ്ടി വരുന്ന സ്ത്രീകൾ ഏർപ്പെട്ടിരുന്ന തൊഴിൽ മേഖലയുടെ സ്വഭാവം അനുസരിച്ച് പരിശീലനകാലം മൂന്നുമാസം മുതൽ ഒരു വർഷം വരെ ആയിരിക്കും. ഇത് തികച്ചും സൗജന്യമായിട്ടാണ് ഗുണഭോക്താക്കൾക്ക് നൽകുന്നത്. യു. എൻ വിമന്റെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ജെൻഡർ പാർക്ക് നിശ്ചയിക്കുന്ന വിദഗ്ധ ഏജൻസികൾ മുഖേനയാണ് പരിശീലനം നൽകുക. ഈ പരിപാടി വിജയകരമായി പൂർത്തിയാക്കുന്നവർക്ക് അവരുടെ തൊഴിൽ മേഖലയിൽ വീണ്ടും ജോലി ലഭിക്കുന്നതിന് വേണ്ടിയുള്ള സഹായം നൽകുവാനും ഈ പദ്ധതി വിഭാവനം ചെയ്യുന്നുണ്ട്. ഈ പരിപാടിയിലൂടെ തൊഴിൽ അവസാനിപ്പിക്കേണ്ടി വരുന്ന സ്ത്രീകൾക്ക് അവരുടെ തൊഴിൽ മേഖലയിൽ പുന:പ്രവേശനം സാധ്യമാവുകയും തദ്വാരാ അവരിൽ ആത്മവിശ്വാസവും സാമ്പത്തിക സ്വാശ്രയത്വവും വളർത്തി എടുക്കുന്നതിന് കഴിയുമെന്നാണ് കണക്കുകൂട്ടുന്നത്. സർക്കാർ ഷെൽട്ടർ ഹോമുകളിലെ സ്ത്രീകൾക്കും പെൺകുട്ടികൾക്കും കൂടി ഈ പദ്ധതിയിലൂടെ പരിശീലനം നൽകുന്നതാണ്. സ്ത്രീ ശാക്തീകരണത്തിനും, സാമ്പത്തിക സ്വാശ്രയത്വത്തിനുമായി നിരവധി പദ്ധതികൾ കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ